# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.113 — 04.12.2014 ൽ മറുപടിയ്ക്ക്

### നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധന

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീമതി. കെ.കെ. ലതിക<br>ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില വൻതോതിൽ വർദ്ധിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) പൊതു കമ്പോളത്തിലുണ്ടാകുന്ന വില വർദ്ധന വിന് ആനുപാതികമായി നിത്യോപയോഗ സാധനങ്ങളുടെ വിലയിലും വർദ്ധനവ് ഉണ്ടാകു ന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) വിലകയറ്റം തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ; | (ബി) ഉണ്ട്. |
| (സി) ഭക്ഷ്യവസ്തുക്കളുടെയും മറ്റു സാധനങ്ങളുടെയും വില കുത്തനെ വർദ്ധിക്കുന്നത് എന്തുകൊണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ; ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടി കൈകൊണ്ടിട്ടുണ്ടോ ; പെട്രോൾ, ഡീസൽ വില്പന നികുതി വർദ്ധിപ്പിച്ച സർക്കാർ തീരുമാനം വിലവർദ്ധനയ്ക്ക് ആക്കം കൂട്ടിയിട്ടുണ്ടോ ; | (സി) ഉണ്ട്. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ ആവശ്യകതയുടെ ഭൂരിഭാഗവും അന്യ സംസ്ഥാനങ്ങളെ ആശ്രയിച്ചാണ് നിറവേറ്റപ്പെടുന്നത്. അന്യ സംസ്ഥാനങ്ങളിലു ണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനം, കയറ്റിറക്ക് കൂലിച്ചെലവിലുണ്ടാകുന്ന വർദ്ധനവ്, പെട്രോൾ, ഡീസൽ വിലവർദ്ധനവ് മുതലായവ ഭക്ഷ്യ സാധനങ്ങളുടെ വിലയിലും വർദ്ധനവുണ്ടാക്കുന്നു. എന്നിരുന്നാലും, സർക്കാരിന്റെ സമയോചിത മായ വിപണിയിടപെടൽ മുഖാന്തിരം വില വർദ്ധനവ് ഒരു പരിധി വരെ തടഞ്ഞുനിർത്തുന്ന തിന് കഴിയുന്നു. ജനജീവിതത്തെ വിലക്കയറ്റം ദു:സഹമാക്കുന്നത് തടയുന്നതിനായി പൊതു വിതരണ ശൃംഖല വഴി കുറഞ്ഞ നിരക്കിൽ ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്തുവരുന്നു. ഇത്തരത്തിൽ വിതരണം ചെയ്യുന്ന റേഷൻ വിഹിതം അർഹരായവർക്ക് കൃത്യമായ അളവിൽ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും, കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് മുതലായവ നടത്തി കൃത്രിമ ക്ഷാമം സൃഷ്ടിച്ച് വിലക്കയറ്റം ഉണ്ടാകുന്നത് തടയുന്നതിനുമായി ശക്തമായ റെയ്ഡുകളും പരിശോധനകളും നടത്തിവരികയും ക്രമക്കേടുകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ, |

| | | | |
|---|---|---|---|
| | | | സപ്ലൈകോയുടെ നേതൃത്വത്തിൽ ന്യായവില സൂപ്പർമാർക്കറ്റുകൾ, മാവേലി സ്റ്റോറുകൾ, പീപ്പിൾസ് ബസ്സാറുകൾ എന്നിവയിലൂടെ സബ്സിഡി നിരക്കിൽ ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യുന്നു. |
| (ഡി) | പൊതുമാർക്കറ്റിലെ വില നിയന്ത്രിക്കുന്നതിന് സഹായകരമായ നിലപാട് സ്വീകരിക്കേണ്ട സിവിൽ സപ്ലൈസ് കോർപ്പറേഷൻ പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്ന സബ്സിഡി സാധനങ്ങൾ ഉൾപ്പെടെയുള്ളവയുടെ വില വർദ്ധിപ്പിച്ചത് ജനജീവിതം കൂടുതൽ ദുസ്സഹമാക്കിയിട്ടുള്ള കാര്യം വിലയിരുത്തിയിട്ടുണ്ടോ ; | (ഡി) | സപ്ലൈകോ ഇപ്പോഴും 13 സബ്സിഡി സാധനങ്ങൾ 20% മുതൽ 35% വരെ വിലകുറവിലാണ് വിൽപ്പന നടത്തുന്നത്. കേരളം പോലുള്ള ഒരു ഉപഭോക്തൃ സംസ്ഥാനത്തിന് പൊതുവിപണിയിലെ വിലവർദ്ധനവ് ഉണ്ടാക്കുന്ന ഘടകങ്ങളെ നിയന്ത്രിക്കാനും സ്വാധീനിക്കാനുമുള്ള സംവിധാനം വളരെ പരിമിതമാണ്. എന്നിരുന്നാലും ഫലപ്രദമായ വിപണിയിടപെടൽ വഴി അവശ്യ സാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതു മൂലം അനിയന്ത്രിതമായ പൊതുവിപണി വില വർദ്ധനവ് ഒരു പരിധി വരെ പിടിച്ചു നിർത്താൻ സപ്ലൈകോയ്ക്ക് സാധിക്കുന്നുണ്ട്. |
| (ഇ) | ഈ സാഹചര്യത്തിൽ വില വർദ്ധന പിൻവലിക്കുന്നതിന് നിർദ്ദേശം നൽകുമോ ; വിശദാംശം ലഭ്യമാക്കുമോ ; | (ഇ) | 01.12.2014 ൽ 13 ഇനം അവശ്യ വസ്തുക്കളുടെ സബ്സിഡി വില സർക്കാർ പുനർ നിർണ്ണയിച്ചിട്ടുണ്ട്. വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (എഫ്) | സിവിൽ സപ്ലൈസ് കോർപ്പറേഷന് ഏതെല്ലാം ഇനത്തിൽ എത്ര തുക വീതം കൊടുത്ത് തീർക്കാൻ ബാക്കി നില്പ്പുണ്ടോ; വിശദമാക്കുമോ ഇവ ഉടൻ നൽകുവാനുദ്ദേശമുണ്ടോ ? | (എഫ്) | 2008-2009 മുതൽ 2014-2015 സെപ്റ്റംബർ വരെയുള്ള സപ്ലൈകോയുടെ MIO നഷ്ടം ചുവടെ ചേർക്കുന്നു. |

| | |
|---|---|
| 2008-2009 | 31.22 കോടി |
| 2009-2010 | 123.33 കോടി |
| 2010-11 | 42.50 കോടി |
| 2011-12 | 46.61 കോടി |
| 2012-13 | 153.55 കോടി |
| 2013-14 | 201.94 കോടി |
| 2014-15 (സെപ്റ്റംബർ വരെ) | 114.35 കോടി |

കർഷകരിൽ നിന്നും നെല്ല് സംഭരിച്ച ഇനത്തിൽ സപ്ലൈകോയ്ക്ക് 150.93 കോടി രൂപ നൽകാനുണ്ട്.

ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് സപ്ലൈകോയ്ക്ക് നൽകാനുള്ള തുക നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

Beena

സെക്ഷൻ ഓഫീസർ

~~12.2014~~.

| Sl. No. | Item | Approved Revised Price (Rs./ per Kg.) |
| --- | --- | --- |
| 1 | Greengram | 74 |
| 2 | Black gram | 66 |
| 3 | Bengal gram | 43 |
| 4 | Lobia | 45 |
| 5 | Toordhal | 65 |
| 6 | Chilly | 75 |
| 7 | Coriander | 112 |
| 8 | Sugar | 25 |
| 9 | Jaya rice | 25 |
| 10 | Kuruva rice | 25 |
| 11 | Matta rice | 25 |
| 12 | Raw rice | 23 |
| 13 | Coconut oil (One liter pouch) | 139 |

Beena

സെക്ഷൻ ഓഫീസർ